**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5033** **20-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ മിനിമം വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ മിനിമം വേതനം എന്നാണ് നിശ്ചയിച്ചതെന്ന് വ്യക്തമാക്കുമോ; ആയത് പുതുക്കി നിശ്ചയിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ മിനിമം വേതനം അവസാനമായി പുതുക്കി നിശ്ചയിച്ചത് 16.02.2021-ൽ സ.ഉ.(അച്ചടി) 24/2021/തൊഴിൽ നം. വിജ്ഞാപനം പ്രകാരമാണ്. പ്രസ്തുത വിജ്ഞാപനത്തിന്റെ കാലാവധി അവസാനിച്ചതിനെ തുടർന്ന്, മേൽ മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. 02/06/2023-ൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ലേബർ കമ്മീഷണർ ലഭ്യമാക്കിയ ശിപാർശ അംഗീകരിച്ച് സംസ്ഥാനത്തെ തോട്ടം മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി സർക്കാർ 06.09.2023-ൽ LBRD-E1/73/2023-LBRD നമ്പർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ